നാലിരട്ടിയോ പ്രോജക്റ്റ് കോസ്റ്റിന്റെ 75%-മോ ഇതിൽ ഏതാണോ കുറവ്, പരമാവധി പരിധി 3.50 ലക്ഷം രൂപയും പട്ടിക വിഭാഗ സൊസൈറ്റികൾക്ക് പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ നാലിരട്ടിയോ അഥവാ പ്രോജക്ട് കോസ്റ്റിന്റെ 60%-മോ ഇതിൽ ഏതാണോ കുറവ് പരമാവധി പരിധി 5 ലക്ഷം.

(സി) സർക്കാർ ഓഹരി പങ്കാളിത്തം

ആകെ തുക	:	25 ലക്ഷം രൂപ
ചെലവായത്	:	25 ലക്ഷം രൂപ
വനിതകൾ	:	1448000 രൂപ
പട്ടികജാതി-പട്ടികവർഗ്ഗം	:	1052000 രൂപ

ജനറൽ വിഭാഗത്തിന് 2003-04 വർഷം ഓഹരി പങ്കാളിത്ത ധനസഹായം നൽകിയിട്ടില്ല. വിവിധതരം ഗ്രാന്റിനത്തിൽ ജില്ലകൾക്ക് 1 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്.

(ഡി) മൊത്തം 35 ലക്ഷം രൂപ സർക്കാർ ഓഹരി പങ്കാളിത്തത്തിനും 6 ലക്ഷം രൂപ വിവിധ ഗ്രാന്റുകൾക്കും ഉള്ള അപേക്ഷകൾ ബാക്കിയുണ്ട്.

(ഇ) മുഴുവൻ തുകയും ചെലവഴിച്ചു.

രജിസ്ട്രേഷൻ ഉള്ള പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങളും പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളും

13 [439] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾ എത്ര; പ്രാഥമിക കരകൗശല സഹകരണ സംഘങ്ങൾ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ ഓരോ വിഭാഗത്തിലും ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര;

(സി) സംഘങ്ങൾ പ്രവർത്തനരഹിതമായതിനെത്തുടർന്ന് തൊഴിൽരഹിതരായവരെത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പ്രാഥമിക വ്യവസായ സഹകരണസംഘം-2297.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക കരകൗശല സഹകരണ സംഘം-220.

ഇതിൽ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങളിൽ പ്രവർത്തിക്കുന്നവ 990-ഉം പ്രവർത്തനം നിലച്ചവ 670-ഉം ആകുന്നു. ലിക്വിഡേഷനിലായവ 357-ഉം രജിസ്റ്റർ ചെയ്തശേഷം പ്രവർത്തനം തുടങ്ങാത്തവ 280-ഉം ആണ്. കരകൗശല സംഘങ്ങളിൽ 123 എണ്ണം പ്രവർത്തിക്കുന്നവയും, 65 എണ്ണം പ്രവർത്തനം നിലച്ചവയും, 21 എണ്ണം ലിക്വിഡേഷനിലായവയും 11 എണ്ണം രജിസ്റ്റർ ചെയ്തശേഷം പ്രവർത്തനം തുടങ്ങാത്തവയുമാകുന്നു.

(സി) ഏകദേശം പതിനായിരത്തോളം പേർ തൊഴിൽരഹിതരായിട്ടുള്ളതായി കണക്കാക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ യൂണിറ്റുകൾ

14 [442] ശ്രീ. യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പുമെന്റ് കോർപ്പറേഷന്റെ കീഴിൽ എത്ര യൂണിറ്റുകൾ തുടങ്ങിയിരുന്നു;

(ബി) ഇപ്പോൾ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഇതിൽ എത്ര യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ലാഭകരമാക്കാൻ നടപടിയെടുക്കുമോ;

(ഇ) ലാഭകരമാക്കാൻ പറ്റാത്തതായിട്ടുള്ള യൂണിറ്റുകൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ബി) 10 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly